compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2022 ഫെബ്രുവരി 15
**Tuesday, 15th February 2022**

1197 കുംഭം 3
**3rd Kumbham 1197**

1943 മാഘം 26
**26th Magha 1943**

വാല്യം 11
**Vol. XI**

നമ്പർ
**No.** 7

## Part III

## Kerala State Waqf Board

©
കേരള സർക്കാർ
GOVERNMENT OF KERALA
2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**വിജ്ഞാപനം**

[2019-ലെ കേരള സ്റ്റേറ്റ് വഖ്ഫ് റൂൾസിലെ ചട്ടം 79 (1) പ്രകാരം]

നമ്പർ ഇ. സി.-130/2020. 2022 ജനുവരി 11.

കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡിൽ 9980/ആർ. എ. നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള എറണാകുളം ജില്ല, കൊച്ചി താലൂക്ക്, കുഴുപ്പിള്ളി വില്ലേജ്, മുഹമ്മദ് സിദ്ധീഖ് സേട്ട് വഖ്ഫ് വക താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള 10.12 ആർ സ്ഥലവും അതിൽ സ്ഥിതി ചെയ്യുന്ന വസ്തുവകകളും 1995-ലെ വഖ്ഫ് നിയമം 52-ാം വകുപ്പ് പ്രകാരം ബഹു. കളക്ടർ മുഖേന തിരിച്ചു പിടിക്കുന്നതിന് 5-1-2022-ാം തീയതിയിലെ ബോർഡ് യോഗം തീരുമാനിച്ചിരിക്കുന്നു.

**പട്ടിക**

| ക്രമ നമ്പർ | എസ്.ആർ. ഒ. | ആധാര നമ്പർ | റീസർവ്വെ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | കുഴുപ്പിള്ളി | 882/2011 | ബ്ലോക്ക് നമ്പർ 1<br>റി. സർവ്വെ നമ്പർ 210/3 | 8.90 ആർസ് |
| 2 | കുഴിപ്പിള്ളി | 633/2014 | ബ്ലോക്ക് നമ്പർ 1<br>റി. സർവ്വെ നമ്പർ 211/4 | 1.22 ആർസ് |

കേരള സംസ്ഥാന വഖ്ഫ് ബോർഡ്,
കൊച്ചി.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## സ്റ്റേറ്റ് വഖ്ഫ് ബോർഡിന്റെ പ്രൊസീഡിംഗ്സ്

സംഗ്രഹം

കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ്-എറണാകുളം ജില്ല-കൊച്ചി താലൂക്ക്-കുഴുപ്പിള്ളി വില്ലേജ് മുഹമ്മദ് സിദ്ധീഖ് സേട്ട്-വസ്തു അന്യാധീനപ്പെട്ടത്-ശ്രീ. ഗോപി കൃഷ്ണൻ എന്നയാളിൽ നിന്നും തിരിച്ചുപിടിക്കുന്നത്—ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ ഇ.സി.-130/2020. 2022 ജനുവരി 11.

പരാമർശം:—5-1-2022-ാം തീയതിയിലെ ബോർഡ് തീരുമാനം.

**ഉത്തരവ്**

കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡിൽ 9980/ആർ. എ. നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള മുഹമ്മദ് സിദ്ധീഖ് സേട്ട് വഖ്ഫ് കോഴിക്കോട് ഫാറൂഖ് കോളേജിന്റെ വികസനത്തിനും ഉപയോഗത്തിനുമായി സമർപ്പിച്ചിട്ടുള്ള വഖ്ഫാണ്. കുഴുപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസിലെ വഖ്ഫ് ഡീഡ് നമ്പർ 2115/1950 പ്രകാരമുള്ള വസ്തുവകകൾ വഖ്ഫാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വഖ്ഫും അതിലെ സ്വത്തുക്കളും ബോർഡ് മുമ്പാകെയുണ്ടായിരുന്ന ഇ. പി. 685/2008-ാം നമ്പർ കേസിലെ 20-5-2019-ാം തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. പ്രസ്തുത ഉത്തരവിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് വഖ്ഫിന്റെ സ്വത്തുക്കൾ കണ്ടെത്തി തിരിച്ചുപിടിക്കുന്നതിന് വഖ്ഫ് നിയമത്തിലെ സെക്ഷൻ 52 അല്ലെങ്കിൽ 54 പ്രകാരം നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

കുഴുപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 882/2011-ാം നമ്പർ ആധാര പ്രകാരം റീ-സർവ്വെ ബ്ലോക്ക് നമ്പർ 1-ലെ റീ-സർവ്വെ നമ്പർ 210/3 (സർവ്വെ നമ്പർ 18/1-4)-ൽപ്പെട്ട 8.90 ആർസ് വസ്തുവും 633/2014-ാം നമ്പർ ആധാര പ്രകാരം റീ.സർവ്വെ ബ്ലോക്ക് നമ്പർ 1-ലെ റീ. സർവ്വെ നമ്പർ 211/4 (സർവ്വെ നമ്പർ 18/1-4)-ൽപ്പെട്ട 1.22 ആർസ് വസ്തുവും ശ്രീ. ഗോപീ കൃഷ്ണൻ എന്നയാൾ വാങ്ങുകയും ടി വസ്തുവിന്റെ പോക്ക് വരവ് നടത്തുന്നതിനായി കൊച്ചി താലൂക്ക് ഓഫീസിനെ സമീപിച്ചപ്പോൾ വഖ്ഫ് ബോർഡിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ബോർഡ് ഹെഡ്ഡാഫീസിലെ ജൂനിയർ സൂപ്രണ്ട് മുമ്പാകെ സമർപ്പിച്ച അപേക്ഷയോടൊപ്പം മുൻ ആധാരങ്ങളും ഹാജരാക്കിയിരുന്നു. മുൻ ആധാര നമ്പർ 1398/1991, 621/1991 എന്നിവ പ്രകാരം ഫാറൂഖ് കോളേജ് സെക്രട്ടറി വഖ്ഫ് മുത്തവല്ലി യഥാക്രമം ശ്രീ. ജെയിംസ്, ശ്രീമതി ജോസഫിന എന്നിവർക്ക് മേൽ വസ്തുവകകൾ നിയമവിരുദ്ധമായി കൈമാറിയതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2019 വഖ്ഫ് റൂൾ സെക്ഷൻ 79 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അന്വേഷണ വിചാരണ നടത്തി റിപ്പോർട്ട് ബോർഡ് മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

1995-ലെ വഖ്ഫ് നിയമം 51 പ്രകാരം ബോർഡിന്റെ മുൻകൂർ അനുമതിയില്ലാതെ വഖ്ഫ് സ്വത്ത് വിൽക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കപ്പെടുന്നു. കൂടാതെ, 2013-ലെ വഖ്ഫ് ഭേദഗതി നിയമം സെക്ഷൻ 51 (എ) പ്രകാരം വഖ്ഫ് സ്വത്തിന്റെ ഏതെങ്കിലും വിൽപ്പന, സമ്മാനം, കൈമാറ്റം, പണയം എന്നിവ അസാധുവായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വഖ്ഫ് നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് വഖ്ഫ് സ്വത്ത് അന്യാധീനപ്പെട്ടതിനാൽ 1995 വഖ്ഫ് നിയമം സെക്ഷൻ 52 പ്രകാരം വഖ്ഫ് റൂൾ 79 പ്രകാരമുള്ള റിപ്പോർട്ടും ഫയലും രേഖകളും പരിശോധിച്ച് 5-1-2021-ാം തീയതി ബോർഡ് യോഗം കുഴുപ്പിള്ളി വില്ലേജ് റീ. സർവ്വെ ബ്ലോക്ക് നമ്പർ 1-ലെ 210/3 (സർവ്വെ നമ്പർ 18/1-4)-ൽപ്പെട്ട 8.90 ആർസ് വസ്തുവും റീ. സർവ്വെ നമ്പർ 211/4 (സർവ്വെ നമ്പർ 18/1-4)-ൽപ്പെട്ട 1.22 ആർസ് വസ്തുവും ശ്രീ. ഗോപീ കൃഷ്ണനിൽ നിന്നും തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് റിക്വസിഷൻ അയക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്.

(ഉത്തരവിൻ പ്രകാരം)

കേരള സംസ്ഥാന വഖ്ഫ് ബോർഡ്,
കൊച്ചി.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.02.15 04:34:03 +05:30